(സി) അതെ

(ഡി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചാലുടൻ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

(ഇ) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല. അറിയിപ്പു ലഭിച്ചാൽ മാത്രമേ എത്ര തുക അനുവദിക്കണമെന്ന് വ്യക്തമാകൂ.

106 (2484) എറണാകുളം റവന്യൂ ടവർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോക്ടർ എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് റവന്യൂ ടവർ നിർമ്മാണത്തിന് അംഗീകരിച്ച ഒറിജിനൽ പ്ലാനിൽ നിന്ന് എന്തെല്ലാം മാറ്റം വരുത്തിയെന്ന് അറിയിക്കുമോ;

(ബി) ഈ മാറ്റങ്ങളുടെ ഫലമായി എസ്റ്റിമേറ്റിൽ എന്തു തുകയുടെ വ്യത്യാസം ഉണ്ടായി;

(സി) പ്ലാനിൽ വരുത്തിയ മാറ്റത്തെപ്പറ്റി ഹൗസിംഗ് ബോർഡിനു പുറത്തുള്ള ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് ശുപാർശ ചെയ്തിട്ടുണ്ടോ; അതനുസരിച്ച് ആരാണ് അന്വേഷണം നടത്തിയത്;

(ഡി) ഈ റവന്യൂ ടവറിന് സെല്ലാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത സെല്ലാറിൽ കടൽവെള്ളം കയറാതിരിക്കാൻ എന്തു തുക ചെലവഴിച്ചു;

(എഫ്) ഈ സെല്ലാർ ഉപയോഗയോഗ്യമാണോ?

ഉത്തരം

(എ) എറണാകുളം റവന്യൂ ടവറിനുവേണ്ടി തയ്യാറാക്കിയ 15 നിലയ്ക്കുള്ള ഒറിജിനൽ പ്ലാൻ ലോക്കൽ അതോറിറ്റിയുടെ അനുമതിക്കയച്ചപ്പോൾ ആവശ്യമായ ഒഴിവാക്കലുകൾ കണക്കിലെടുത്ത് 14 നിലകളായി കുറയ്ക്കുകയുണ്ടായി. അപ്രകാരം പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഈ മാറ്റങ്ങളുടെ ഫലമായി എസ്റ്റിമേറ്റിൽ ഏകദേശം 55 ലക്ഷം രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) പ്ലാനിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് ഹൗസിംഗ് ബോർഡിനു പുറത്തുള്ള ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പൈൽ ഫൗണ്ടേഷൻ ഡിസൈൻ പുന:പരിശോധിക്കണമെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് അഭിപ്രായപ്പെട്ടു. അതിൻപ്രകാരം ബോർഡിന്റെ ഡിസൈൻ കൺസൾട്ടിനെക്കൊണ്ട് പൈൽ ഫൗണ്ടേഷന്റെ ഡിസൈൻ പുന:പരിശോധിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഡിസൈനിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ഡി) ഈ റവന്യൂ ടവറിന് സെല്ലാർ ഫ്ളോർ ഉൾപ്പെടുത്തിയിട്ടുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെല്ലാർ ഫ്ളോറിന്റെ താഴെയുള്ള ഊറ്റും വെള്ളത്തിന്റെ മർദ്ദവും കണക്കിലെടുത്തപ്പോൾ സെല്ലാർ ഫ്ളോറും, ചുമരുകളും വാട്ടർപ്രൂ ഫിംഗ് ചെയ്യേണ്ടത് അനിവാര്യമാണെന്ന് കണ്ടു. ഇതിന്റെ ചെലവ് 23 ലക്ഷം രൂപയാണ്.

(എഫ്) ഉപയോഗയോഗ്യമാണ്.

107 (2485) ഫ്ളാറ്റ് നിർമ്മാണത്തിന് ഏറ്റെടുത്ത സ്ഥലം

ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വീടുകളോ ഫ്ളാറ്റുകളോ നിർമ്മിക്കുവാൻ എത്ര സ്ഥലം എടുത്തിട്ടുണ്ടോ;

(ബി) അവിടെ വീടുകളും ഫ്ളാറ്റുകളും നിർമ്മിക്കുന്നതിനുള്ള ഇപ്പോ ഴത്തെ അവസ്ഥയെന്ത്;

(സി) മലങ്കര എസ്റ്റേറ്റിനടുത്ത് മലങ്കര സഭയുടെ വക 100 ഏക്കർ സ്ഥലം ഹൗസിംഗ് ബോർഡ് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കുവാൻ ഏറ്റെടു ത്തിട്ടുണ്ടോ:

(ഡി) ഈ സ്ഥലത്തിന്റെ വില എത്രയാണ്;

(ഇ) അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണം ഹൗസിംഗ് ബോർഡിന്റെ പ്രവർത്തന പരിധിയിൽ വരുമോ:

(എഫ്) എങ്കിൽ അത് സംബന്ധിച്ച നിയമ വ്യവസ്ഥ എന്തെന്ന് അറിയി ക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതു ഭവന നിർമ്മാണ പദ്ധതി, വാടക വീട് പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി എന്നിവയ്ക്കുവേണ്ടി, ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ മുട്ടം വില്ലേ ജിൽ 5 ഏക്കർ സ്ഥലവും പീരുമേട് വില്ലേജിൽ 5.15 ഏക്കർ സ്ഥലവും എറ ണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിൽ 25 സെന്റ് സ്ഥലവും, പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പാലക്കാട് വില്ലേജിൽ 50 സെന്റ് സ്ഥലവും, കാസർകോട് ജില്ലയിൽ കാസർകോട് താലൂ ക്കിൽ മാവൂർവില്ലേജിൽ 1 ഏക്കർ സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്.

(ബി) മുട്ടത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണി പുരോഗമിച്ചു വരുന്നു. കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണി ആരംഭി ക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. മറ്റിടങ്ങളിൽ പദ്ധതിയ്ക്കുവേണ്ടി യുള്ള പ്ലാനുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly